**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**04 MAY 2018 (17 SHABAAN 1439 AH)**

# "THE DIRE STATE OF THE MUSLIM WORLD".

# മുസ്ലിം ലോകം പ്രശ്നങ്ങൾക്കു നടുവിൽ

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **"മുസ്ലിം ലോകം പ്രശ്നങ്ങൾക്കു നടുവിൽ"** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

ആഗോള സാഹചര്യം മുസ്ലിംകൾക്കെല്ലാം ഏറെ ഉൽക്കണ്ഠ നല്കുന്നതാണ്. (അതുപോലെ തന്നെ, ജമാഅത്തിസ്സഹീഹിൽ ഇസ്ലാമിലെ എന്റെ അനുചരന്മാർക്കും) അതുകൊണ്ട് ഞാൻ നിങ്ങളെ വീണ്ടും ഓർമ്മിപ്പിക്കുകയാണ്. അല്ലാഹു (ത) വിനോട് ആത്മാർത്ഥമായി പ്രാർത്ഥിക്കുക. ഇസ്ലാം നേരിടുന്ന അപകടങ്ങളിൽ നിന്നും രക്ഷയുണ്ടാകട്ടെ. മുസ്ലിംകളുടെ തലയ്ക്കു മുകളിൽ ഉരുണ്ടു കൂടുന്ന കാർമേഘക്കാറുകൾ പോയ്മറയട്ടെ. അവൻ ആഗ്രഹിക്കുമ്പോൾ ദൈവത്തിന് ഇത് നീക്കം ചെയ്യാൻ കഴിയും

നേരിട്ടോ പരോക്ഷമായോ മുസ്ലിംകൾ അപകടഭീഷണി നേരിടാത്ത ഒരു സ്ഥലവും ഇന്നില്ല. എന്നാൽ മുസ്ലിംകളുടെ ഭാഗത്തു നിന്ന്  ഒരു ബുദ്ധിപരമായ നീക്കവും കാൺമാനില്ല. അവർക്ക് ആകെ അറിയാവുന്നത് വളരെ മോശമായ ഒരു മറുപടിയാണ്. തങ്ങളുടെ മുസ്ലിം സഹോദരങ്ങളെ പീഡിപ്പിക്കുക ! അങ്ങനെ ഇസ്ലാമിന്റ മഹോന്നത ലക്ഷ്യങ്ങളെ തങ്ങളുടെ കൈകൾകൊണ്ട് അവസാനിപ്പിക്കുക. ആഭ്യന്തര യുദ്ധങ്ങളും മതസ്പർധയും തങ്ങൾക്കിടയിൽ അവർ ചെയ്തുകൊണ്ടിരിയ്ക്കുന്നു എന്നാൽ, വാഗദത്ത്മസീഹ് ഹസ്രത്ത് അഹ്മദ് (അ) ൽ വിശ്വസിക്കുന്ന കാര്യം വരുമ്പോഴും ഇക്കാലത്ത് ഈ വിനീതന്റെ ഖലീഫത്തുല്ലാ എന്ന വാത്തിന്റെ കാര്യം വരു

മ്പോഴും വിവിധ മുസ്ലിംസംഘടനകൾ ഒന്നിച്ചു ചേർന്ന് നമ്മെ മതനിരാസകരായി പ്രഖ്യാപിച്ച്, തിരിച്ച് ആക്രമിക്കുന്നു. ദൈവീകസത്യത്തെ ഇല്ലാതാക്കുക ഈയൊരു അടിസ്ഥാനത്തി ലാണ് അവർ തമ്മിൽ യോജിക്കുന്നത്. പരസ്പരം സഹായിക്കുന്നതും. ഹസ്രത്ത് മുഹമ്മദ് (സ) യ്ക്കു ശേഷം പരിഷ്കർത്താവായി ദീനിനുള്ളിൽ അവതീർണ്ണരായ ദൂതന്മാരുടെ വരവ് അവർ നിഷേധിച്ചു. അവരെ കള്ളന്മാരാക്കി, ഇപ്പോൾ, മതത്തിന്റെ പേരിൽ ഏറെ പീഡിപ്പി ക്കപ്പെട്ട് അഹമ്മദിയ്യാ മുസ്ലിം ജമാഅത്തും ഈ വഴി തന്നെ തെരഞ്ഞെടുത്തിരിയ്ക്കുന്നു. അല്ലാഹുവിൽ യഥാർത്ഥമായി വിശ്വസിക്കുന്ന ആളുകളെ പീഢിപ്പിക്കുന്നതിൽ അവർ നേതൃത്വം വഹിയ്ക്കുന്നു. എല്ലാ തരത്തിലുള്ള ഇസ്ലാം – വിരുദ്ധ വകുപ്പുകൾ പ്രയോഗിച്ച് അല്ലാഹുവിന്റെ പേടകത്തെ തകർക്കാൻ അവർ ശ്രമിക്കുന്നു. ഉദാഹരണം പറയട്ടെ. മൗറി ഷ്യസിലെ അഹമദിയ്യാ ജമാഅത്തിലെ അധികാരികൾ അനിസ്ലാമിക ചട്ടങ്ങൾ തുടർച്ചയായി ഇറക്കിക്കൊണ്ടിരിയ്ക്കുന്നു. ഖലീഫത്തുൽ മസീഹിന്റെ അനുമതിയോടെയാണ് ഇങ്ങ നെയൊക്കെ ചെയ്യുന്നതെന്ന് അവർ വാദിയ്ക്കുന്നു. ഖലീഫത്തുല്ലായെന്ന ഈ വിനിതനെ (മുനീർ അസീം) കാണുന്ന മാത്രയിൽ എഴുന്നേറ്റു നടന്നുപോകണമെന്നും സലാം പറയരു തെന്നും ഇവർ ചട്ടങ്ങൾ ഉണ്ടാക്കിയിരിക്കുന്നു. ഈ തീരുമാനം ലംഘിക്കുന്നവർക്ക് കൊടി യശിക്ഷ (ജമാഅത്തിൽ നിന്ന് പുറത്താക്കൽ) നേരിടേണ്ടി വരുന്നു.

എന്റെ പ്രഭാഷണത്തിന്റെ സത്തയിലേക്ക് മടങ്ങാം. പരിശുദ്ധനാടുകളായ മക്കയും, മദീനയും സന്ദർശിച്ച്, ഏറ്റവും വലിയ തീർത്ഥാടനമായ ഹജ്ജ് നിർവ്വഹിക്കുമ്പോൾ, ഇസ്ലാ മിന്റെ പഞ്ചസ്തംഭങ്ങളിൽപ്പെട്ട ഒരു കർമ്മം ഒരു വിശ്വാസിപൂർത്തിയാക്കുന്നു. സൗദീഅറേ ബ്യൻ ഭരണകൂടം ലോകത്തെ വിവിധ ഇസ്ലാം മത പണ്ഡിതന്മാരുടെ സഹകരണത്തോടെ, മുസ്ലികളായ തങ്ങളുടെ സഹോദരന്മാരെ, വിശുദ്ധഭൂമിയിൽ പ്രവേശിക്കുന്നതിൽ നിന്ന് വില ക്കുന്നു. ! അല്ലാഹുവിന്റെ ദൃഷ്ടിയിൽ ഏറ്റവും മോശമായ കർമ്മമാണിത്. അവർ മറ്റുള്ളവ രുടെ വിശ്വാസത്തിന് മേൽ വിധി പറയുന്നു. ഭൗതികാസക്തിയിൽ മുഴുകി അതിസ്ലാമിക രാഷ്ട്രങ്ങൾക്ക് ഇസ്ലാമിനെ തകർക്കാൻ വഴിയൊരുക്കികൊണ്ടിരിയ്ക്കുന്നവരാണ് തങ്ങ ളുടെ സഹോദരന്റെ ഇസ്ലാമിക വിശ്വാസത്തെപ്പറ്റി അഭിപ്രായം പറയുന്നത് !

തീർച്ചയായും ഹൃദയാന്തരാളത്തിലെ വിശ്വാസത്തെപ്പറ്റി അല്ലാഹു (ത) മാത്രമേ അറിയുകയുള്ളു. അവനാണ് തന്റെ ദാസരുടെ വിശ്വാസത്തെപ്പറ്റി വിധി പറയുക. ഒരു മനുഷ്യനും ലോകത്ത് അധിവസിക്കുന്ന മറ്റൊരാളുടെ വിശ്വാസത്തെപ്പറ്റി കൃത്യമായി അറി യാൻ കഴിയുകയില്ല. ഇസ്ലാമിനെ വെറുക്കുന്നവർക്ക് നേരെ സൗഹൃദത്തിന്റെ കരങ്ങൾ ഇവർ നീട്ടിക്കൊടുക്കുന്നു. തങ്ങളുടെ മുസ്ലിം സഹോദരങ്ങളെ കൊന്നൊടുക്കുവാൻ ഇവർ പടക്കോപ്പുകളും, സാമ്പത്തിക സഹായവും നല്കി സഹായിക്കുന്നു. ഇവരുടെ കൈയിലെ ചട്ടുകം ആകാൻ തയ്യാറാകാത്ത സാഹചര്യത്തിലാണ് അല്ലെങ്കിൽ ഇവരുടെ വീക്ഷണത്തിൽ യഥാർത്ഥ മുസ്ലിംകളല്ല എന്ന അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ് ഈ മുസ്ലിം നാടു

കൾ ആക്രമിക്കപ്പെടുന്നത്.

ഇക്കാലത്തെ അല്ലാഹുവിന്റെ ഖലീഫയെന്ന നിലയിൽ എല്ലാ മുസ്ലിംകൾക്കും വിശേഷിച്ച് അവരുടെ നേതാക്കൾക്ക് ഉപദേശം നല്കുകയെന്നത് എന്റെ കടമയാണ്. അവർ ശ്രമിച്ചാലും ഇല്ലെങ്കിലും നമ്മുടെ ഈ സാഹചര്യത്തിലും നമ്മുടെ ജീവിതത്തിൽ ഉടനീളവും പ്രാർത്ഥനകൾ വളരെ അത്യാവശ്യമാണ്. നമ്മുടെ പ്രാർത്ഥനകൾക്ക് രണ്ടു വശങ്ങൾ ഉണ്ട്. ഒന്നാമത്, മുസ്ലിംകൾ തങ്ങളുടെ സാഹചര്യത്തെക്കുറിച്ച് വ്യക്തമായി മനസ്സിലാക്കണം. അതുപോലെ ബുദ്ധിപരവും, സംശുദ്ധവും ആയ നേതൃത്വം അവർക്കും നല്കണം. ഇസ്ലാമിനെ ഉള്ളിൽ നിന്നും പുറമെനിന്നും ആക്രമിക്കാനും ഉപദ്രവിക്കുവാനും ശ്രമിക്കുന്നവരുടെ എല്ലാ മേഖലകളും പരാജയപ്പെടുത്തി ദൈവം അവരെ നിരാശരാക്കി മാറ്റട്ടെ !

രാഷ്ട്രീയത്തിൽ മതത്തെ കലർത്തുകയെന്നത് ഏറ്റവും ദുഃഖകരമായ ഒരു സംഗതിയാണ്. പടിഞ്ഞാറിന്റെ തന്ത്രങ്ങൾ പിന്തുടരുന്ന അറേബ്യ രാജ്യങ്ങളുടെ തെറ്റായ തീരുമാനങ്ങൾ കാരണം ഇസ്ലാമിന്റെ നാമം മോശമായിത്തീരുന്നു. ഈയടുത്ത സമയത്ത് ഖത്തറിനെതിരിൽ ഏർപ്പെടുത്തിയ ഉപരോധം ഇറാനിൽ നിന്നുള്ള ഹജ്ജ് തീർത്ഥാടകർക്കെതിരിൽ സൗദി അറേബ്യ 2016 ൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ, സിറിയയിലും, പാലസ്തീനിലും തുടരുന്ന വലിയ പ്രശ്നങ്ങൾ, ദാരിദ്ര്യം മൂലവും ന്യൂനപക്ഷസമുദായം എന്ന നിലയിലും നേരിടുന്ന പ്രശ്നങ്ങൾ– ഒക്കെ ചേർത്തുവായിക്കുമ്പോൾ മുസ്ലിംകളുടെ അവസ്ഥ പരിതാപകരമാണ്. ഒറ്റ സംഘമായി നിന്നു പ്രവർത്തിക്കുമ്പോൾ ലഭിയ്ക്കുന്ന ശക്തിയിൽ തങ്ങളുടെ നിലനില്പിനെ കാണാതെ അവർ ചെറിയ കക്ഷികളായി തീർന്നിരിയ്ക്കുന്നു.

മുസ്ലിം നേതാക്കൾ മദ്ധ്യപൗരസ്ത്യദേശത്തെ സംഭവഗതികളേയും നടക്കാനിരിയ്ക്കുന്ന സംഭവങ്ങളേയും കുറിച്ച് ഗൗരവമായി ചിന്തിക്കുന്നില്ല. മുസ്ലിം രാജ്യങ്ങൾക്ക് നഷ്ടം സംഭവിക്കുന്ന കാര്യങ്ങളും അനിസ്ലാമിക രാജ്യങ്ങൾക്ക് ലാഭമുണ്ടാകുന്നുതുമായ കാര്യങ്ങളാണ് ഊരിത്തിരിയുന്നത്.. മുസ്ലിം രാജ്യങ്ങൾക്ക് ബുദ്ധിപൂർവ്വം കരുക്കൾ നീക്കാൻ കഴിയട്ടെയെന്ന് നമുക്ക് അല്ലാഹുവിനോട് പ്രാർത്ഥിക്കാം. ദൈവീക ശക്തിയ്ക്ക് മാത്രമേ ഈ അപകടതലം സമാധാനപരമായി ഒഴിവാക്കാൻ കഴിയുകയുള്ളു.

ലോകത്ത് നീതി നടപ്പിൽ വരുത്താനും അടിച്ചമർത്തലിനെതിരിൽ സമരം ചെയ്യാനും നാം പരിശ്രമിയ്ക്കണം. നബിതിരുമേനി (സ) പറഞ്ഞു. ഒരു മുസ്ലിം തന്റെ സഹോദരനെ സഹായിക്കണം, അവൻ അടിച്ചമർത്തപ്പെട്ടവനാണെങ്കിലും, അക്രമി

യാണെങ്കിലും ! അക്രമിയെ എങ്ങനെ സഹായിക്കും ? അക്രമത്തിന്റെ പാതയിൽ നിന്ന് തന്റെ കൈകൾ പിന്തിരിയ്ക്കാൻ അവനെ പ്രേരിപ്പിച്ചു കൊണ്ട് അവനെ സഹായിക്കണം എന്ന് നബി (സ) മറുപടി പറഞ്ഞു. യുദ്ധങ്ങളും സംഘർഷങ്ങളും കൊണ്ട് പിടഞ്ഞു കൊണ്ടിരിയ്ക്കുന്ന മുസ്ലിം രാജ്യങ്ങളിൽ സമാധാനവും സഹവർത്തിത്വവും കൊണ്ടുവരാൻ ശ്രമിച്ചുകൊണ്ടിരിയ്ക്കുന്ന എല്ലാ രാജ്യങ്ങളേയും മുസ്ലിംനാടുകളും അമുസ്ലിം രാജ്യങ്ങളും ഉൾപ്പെടെ ഞാൻ അഭിനന്ദിക്കുന്നു. ഖുർആനിക അദ്ധ്യാപനങ്ങളും തിരുസുന്നത്തും വ്യക്തമാക്കുന്ന അല്ലാഹുവിന്റെ വിധിവിലക്കുകൾ അനുസരിച്ച് പ്രവർത്തിയ്ക്കാൻ മുസ്ലിം രാജ്യങ്ങളും തയ്യാറാകണം.

അനീതി പ്രവർത്തിയ്ക്കുന്നതിൽ നിന്ന് നമ്മുടെ സഹോദരന്മാരുടെ കൈകൾ നാം തടയേണ്ടതാണ്. ഇതുവഴി നമുക്കവരെ സഹായിക്കാം. അവർ അനീതിയ്ക്കിരയാകുമ്പോഴും നാം അവരെ സഹായിക്കേണ്ടതാണ്. കഠിനമായ എതിർപ്പുകൾക്ക് മുന്നിൽ ശാന്തിയുടെ ചെറുത്തു നില്പ് കാണിച്ചുകൊണ്ട് ഇസ്ലാമിക ലോകം മാതൃക കാട്ടേണ്ടതാണ്. അതിലൂടെ ഇസ്ലാമിന്റെ മഹത്വം ലോകത്തിന് മുന്നിൽ പ്രകാശിക്കും. മുസ്ലിംകളുടെ മോശം പ്രതികരണങ്ങൾ ഇസ്ലാമിന്റെ സദ്പേരിന് കളങ്കമുണ്ടാക്കും.

ഒരിയ്ക്കൽ, നബിതിരുമേനി (സ) ഒരു മരത്തണലിൽ ഏകനായി വിശ്രമിക്കുകയായിരുന്നു. യുദ്ധസന്നാഹത്തിലെ അനുചരന്മാർ ദൂരപ്പെട്ടിരുന്നു. അദ്ദേഹം ഉണർന്നപ്പോൾ കാണുന്നത് ഊരിപ്പിടിച്ചവാളുമായി നില്ക്കുന്ന ഒരു ശത്രുവിനെയാണ്. ആ ശത്രു പറഞ്ഞു. ഓ ! മുഹമ്മദ് ! ഇപ്പോൾ, ആർക്കാണ് നിന്റെ ജീവിതം രക്ഷിയ്ക്കാൻ കഴിയുക. ?

നബിതിരുമേനി (സ) മറുപടി പറഞ്ഞു അല്ലാഹു ! അതു കേട്ടതോടെ അയാൾ തന്റെ വാൾതാഴെയിട്ടു. എല്ലാ വിശ്വാസികളും പരീക്ഷണങ്ങളും പ്രശ്നങ്ങളും നേരിടുമ്പോൾ പറയേണ്ട മറുപടിയാണിത്. കാണേണ്ടത് വാളല്ല ; ആയുധങ്ങളല്ല, ഈ ആയുധങ്ങളേന്തുന്ന കൈകളെ നിയന്ത്രിക്കുന്ന ദൈവത്തിന്റെ ശക്തി പ്രഭാവത്തെയാണ് നാം കാണേണ്ടത്.

നമ്മുടെ കാലത്ത് തന്റെ തെരഞ്ഞെടുത്ത ഖലീഫയെ തലപ്പത്ത് ഇരുത്തിക്കൊണ്ട് ജമാഅത്തുസ്സഹീഹിൽ ഇസ്ലാം എന്ന ദൈവീക സംഘത്തെ എഴുന്നേല്പിച്ചിരിക്കുന്നു. ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ ശത്രുക്കൾ അല്ലാഹുവിനും അവന്റെ വിധിയ്ക്കുമെതിരിലാണ് പോരാടാൻ പരിശ്രമിക്കുന്നത്. സത്യത്തിന്റെ ശത്രുക്കൾ കരുതുന്നു അവർക്ക് ആദ്യം അടിതുടങ്ങാൻ കഴിയുമെന്ന്. യഥാർത്ഥ ഇസ്ലാമിന്റെ പ്രതിരൂപമായ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ നേരെ ഉയർത്തപ്പെടുന്ന കൈകൾ, ദൈവീക ക്രോധത്തിന്റെ മിന്നൽ പിണറുകളാൽ, അവർ അടിതുടങ്ങാനോങ്ങും. മുമ്പെ, തകർക്കപ്പെടുന്ന

താണ്. അല്ലാഹുവിന്റെ വിധിയെ തകർക്കാൻ ഒരു ശക്തിയ്ക്കും കഴിയുകയില്ല. സത്യവിശ്വാസികൾക്ക് കഠിന പീഢനങ്ങളേറ്റുവാങ്ങേണ്ടി വരുമെന്ന് വിശുദ്ധഖുർആൻ പറയുന്നുവെന്നത് ശരിയാണ്. പക്ഷെ, അവർ ഉറച്ചുനിൽക്കുകയും, പൂർണ്ണവിശ്വാസം അർപ്പിച്ചുകൊണ്ട് അല്ലാഹുവിൽ അർപ്പിക്കുകയും ചെയ്താൽ ശത്രുക്കളുടെ കുതന്ത്രങ്ങളിൽ നിന്ന് അവൻ തന്റെ സത്ചരിതരായ സേവകരെ രക്ഷിക്കുക തന്നെ ചെയ്യുന്നതാണ്.

അല്ലാഹുവിന്റെ യഥാർത്ഥ സേവകർക്ക് നേരെ വരുന്ന വിവിധതരത്തിലുള്ള എതിർപ്പുകൾ, അതുപോലെതന്നെ ജമാഅത്തുസ്സഹീഹിൽ ഇസ്സാമിനെതിരിൽ ഈ കാലഘട്ടത്തിൽ വരുന്ന എതിർപ്പുകൾ, പുരോഗതിയുടെ പുതിയ പന്ഥാവുകൾ വെട്ടിത്തുറക്കാൻ കാരണമാകും. ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അംഗങ്ങളായ എല്ലാവരോടും വിശ്വാസധൈര്യം അർപ്പിക്കുവാനും, ഇക്കാലത്ത് നിങ്ങളുടെയടുത്തേക്ക് അയ്ക്കപ്പെട്ടിരിക്കുന്ന ദൂതന്റെ സന്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിയ്ക്കാനും ഞാൻ ആഹ്വാനം ചെയ്യുന്നു. തീർച്ചയായും ദൈവദൂതന്മാരുടെ സന്ദേശം അനുസരിച്ച് പ്രവർത്തിച്ചവരാരും ഒരു നഷ്ടവും നേരിടേണ്ടിവരില്ല. നിങ്ങളായിരിക്കും എപ്പോഴും തീർച്ചയായും വിജയിക്കുക ഇൻശാ അല്ലാഹ്, ആമീൻ

## അറിയിപ്പ്

അൽഹംദുലില്ലാഹ്, സുമ്മ അൽഹംദുലില്ലാഹ് ഇന്ന് ജുംആയ്ക്ക് ശേഷം തമിഴ്നാട്ടിലെ നമ്മുടെ സഹോദരന്മാർ ഒരു പ്രത്യേകതർബിയ്യത്ത് പ്രോഗ്രാം സംഘടിപ്പിക്കുന്നു. അതുപോലെ, അല്ലാഹുവിന്റെ കാരുണ്യത്താലും അനുഗ്രഹത്താലും തമിഴ്നാട്ടിൽ ജമാഅത്തുസ്സഹീഹിൽ ഇസ്ലാം ഔദ്യോഗികമായി രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നു. എല്ലാ സ്തുതികളും അല്ലാഹുവിനാകുന്നു. മഹോന്നതനും പ്രതാപവാനുമായ അല്ലാഹുവിന്റെ സഹായത്താലാണ് നന്മ നിറഞ്ഞ സദ്വൃത്തികൾ പൂർത്തിയാക്കാൻ കഴിയുക.

**Translated By : Fazil Jamal**
**& Issued By : R. Jamaludin Raother**
**Amir - Jamaat Ul Sahih Al Islam**
**South Zone - Kerala, India**
**Ph : 9447001832, 0475-2252663**
**E-mail : jamal.raother@gmail.com**
**Web : www.jamaat-ul-sahih-al-islam.com**
**Blog : www.sahih-al-islam.blogspot.in**